"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ-ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 180/2013 നമ്പർ കേസിന്മേലുള്ള ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2448/2025/LSGD തീയതി, തിരുവനന്തപുരം, 08-10-2025**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ 180/2013 നമ്പർ കേസിന്മേലുള്ള 31/10/2016 തീയതിയിലെ വിധിന്യായം.
2. സ.ഉ.(അച്ചടി) നം.32/2019/ധന തീയതി 18/03/2019.
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 16/08/2024 തീയതിയിലെ എ3/2289/2024/ട്രിഡ നമ്പർ കത്ത്.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 18/07/2025 തീയതിയിലെ DCTVM/7580/2024-K9 നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ-ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ 0.104 ആർ വസ്തു ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 180/2013 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 10,63,626 (പത്ത് ലക്ഷത്തി അറുപത്തി മൂവായിരത്തി അറുന്നൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം(3), (4) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ-ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ റീസർവ്വേ നം. 298/13 & 298/16 എന്നിവയിൽ ഉൾപ്പെട്ടതും ശ്രീ. സുനിൽകുമാറിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.104 ആർ വസ്തു ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 180/2013 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 10,63,626 (പത്ത് ലക്ഷത്തി അറുപത്തി മൂവായിരത്തി അറുന്നൂറ്റി ഇരുപത്തിയാറ്

രൂപ മാത്രം) '4217-60-800-93 Payment of Compensation in LAR Cases (Plan-Charged)' എന്ന ശീർഷകത്തിൽ നിന്നും ശ്രീ. സുനിൽകുമാർ (S/o Shekara Pillai, Thulavila Veedu, Chirayikeezhu P.O., Thiruvananthapuram) എന്ന കക്ഷിക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. സുനിൽകുമാർ, S/o Shekara Pillai, Thulavila Veedu, Chirayikeezhu P.O., Thiruvananthapuram (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/252/2024/ത.സ്വ.ഭ.വ.

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 08-10-2025 16:02:40
സെക്ഷൻ ഓഫീസർ